വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, കുത്തുപറമ്പ് ഗ്രോത്ത് സെന്ററിന്റെ ഭരണകാര്യാലയത്തിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ പണി 1999 ഡിസംബറിൽ തീരുന്നതാണ്. ബഹുനില വ്യവസായമന്ദിരത്തിന്റെ പണി 2000-ാം ആണ്ട് മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ കഴിയും. ജലവിതാന സംവിധാനത്തിന്റെ പ്രധാന ജോലികളും ഈ വർഷം തന്നെ തീരുന്നതാണ്. താൽക്കാലികാവശ്യത്തിനായി വിവിധ ഭാഗങ്ങളിലായി 8 കുഴൽ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനവും കേന്ദ്രത്തിനകത്തുള്ള റോഡുകളുടെ നിർമ്മാണം, വൈദ്യുതീകരണം മുതലായവയും 2000-ാം ആണ്ട് അവസാനത്തോടെ പൂർത്തീകരിക്കുന്നതാണ്. റബ്ബ്ക്കോ, ഇൻടെക് ആരോമാറ്റിക്സ്, നാളികേര സംസ്കരണസ്ഥാപനം എന്നീ വ്യവസായ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് RAIDCO തുടങ്ങിയ അനവധി കമ്പനികളുമായും വ്യക്തികളുമായിട്ടും ആലോചനകൾ നടന്നുവരുന്നു. പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. മറ്റ് പണികളെല്ലാം ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

(3) സിഡ്കോ ജീവനക്കാരുടെ സെക്രട്ടേറിയറ്റ് ധർണ്ണ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കേരള സർവ്വീസ് റൂളുകളും സേവനവ്യവസ്ഥകളും ബാധകമാക്കിയിട്ടുള്ള കേരള സിഡ്കോയിൽ നാളിതുവരെ സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ശമ്പളസ്കെയിലുകളും ക്ഷാമബത്തകളും ഇതര ആനുകൂല്യങ്ങളും അതേപടി അനുവദിച്ചിരുന്നു. എന്നാൽ 1997 മാർച്ച് മുതൽ സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണം സിഡ്കോ ജീവനക്കാർക്ക് നൽകിയില്ല. നിവേദനങ്ങൾ പലതും നടത്തിയിട്ടും ഫലം കാണുന്നില്ല. സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കിയ തീയതി മുതൽ സിഡ്കോ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുപകരം മുടന്തൻ ന്യായങ്ങൾ ഉന്നയിച്ചുകൊണ്ട് ജീവനക്കാർക്ക് ന്യായമായി നൽകേണ്ട ശമ്പള വർദ്ധനവ് നൽകാതിരിക്കുകയാണ്. നഷ്ടമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നൽകില്ല എന്നാണ് തടസ്സം പറയുന്നത്. ശമ്പളകമ്മിഷന്റെ ശുപാർശയിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം ഏർപ്പെടുത്തുമ്പോൾ ഇങ്ങനെ ഒരു വ്യവസ്ഥ വച്ചിട്ടില്ല. ഈ തടസ്സം ഉന്നയിക്കുന്ന ഉദ്യോഗസ്ഥന്മാർ ശമ്പള വർദ്ധനവ് വാങ്ങുന്നുണ്ട്. സർക്കാർ എന്ന കമ്പനി ലാഭത്തിലാണ്. 15000 കോടി രൂപ കടം വാങ്ങിയാണ് പ്രവർത്തിക്കുന്നത്. നഷ്ടമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നൽകിയിട്ടുണ്ട്. സിഡ്കോയാണെങ്കിൽ കഴിഞ്ഞ 2 കൊല്ലമായി നഷ്ടം കുറച്ചുകൊണ്ട് വരികയും കാര്യക്ഷമമായി പ്രവർത്തിക്കുകയുമാണ്. എന്നിട്ടും ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നൽകാതിരിക്കുന്നു. ഇതിൽ പ്രതിഷേധിച്ച് ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ ജീവനക്കാർ ധർണ്ണ നടത്തുകയാണ്. തടഞ്ഞുവച്ചിരിക്കുന്ന ശമ്പള പരിഷ്കാരം അടിയന്തിരമായി നടപ്പിലാക്കണമെന്നുള്ളതാണ് അവരുടെ ആവശ്യം. ലാഭമുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ലാഭത്തിന്റെ വിഹിതം കൊടുക്കുന്നതായിട്ടും കാണുന്നില്ല. നഷ്ടത്തിന്റെ പേരിൽ ശമ്പളം കുറയ്ക്കുന്നതിന് ഒരു ന്യായീകരണവും ഇല്ല. നമ്മുടെ വിവിധ ഡിപ്പാർട്ടുമെന്റുകളൊക്കെ നഷ്ടത്തിൽ പോകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അവർക്കെല്ലാം ശമ്പളം കൊടുക്കുന്നുണ്ട്. ആ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാർ തന്നെയാണ് ഇത് കൊടുക്കാൻ പറ്റില്ല എന്നുപറഞ്ഞ് ഇതിനു കുറിയിടുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി എത്രയുംവേഗം അവർക്ക് ശമ്പള വർദ്ധനവ് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 25-11-1998-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 3000/98/ഹിൻ. പ്രകാരം 1-3-1997 മുതൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണം സിഡ്കോയിലെ ജീവനക്കാർക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാരുടെ വിവിധ സംഘടനകൾ നിവേദനങ്ങൾ നൽകുകയുണ്ടായി. 20-6-1996-ലെ സർക്കാർ ഉത്തരവു പ്രകാരം 1-7-1993 മുതലാണ് സിഡ്കോയിലെ ജീവനക്കാർക്ക് അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത്. 1-3-11997 മുതൽ സംസ്ഥാന ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്കരണം സിഡ്കോയിലെ ജീവനക്കാർക്കും നൽകേണ്ടതാണ് എന്ന് സിഡ്കോയിലെ ഡയറക്ടർ ബോർഡ് ശുപാർശ ചെയ്യുകയും അതനുസരിച്ചുള്ള നിർദ്ദേശം ഗവൺമെന്റിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരുന്നു. ആസൂത്രണ സാമ്പത്തിക വകുപ്പ് 15-7-1995-ലെ ഉത്തരവ് അനുസരിച്ച് 12-1995-ൽ നഷ്ടമുണ്ടായ സ്ഥാപനങ്ങളിൽ ശമ്പള പരിഷ്കരണം അനുവദിക്കാൻ പാടില്ല. സിഡ്കോയെ സംബന്ധിച്ചിടത്തോളം 1997-98-ൽ സഞ്ചിത നഷ്ടം രണ്ടു കോടി രൂപയും 1998-99-ൽ ഒരു കോടി രൂപയും എന്ന് കണക്കാക്കിയിരുന്നു. സിഡ്കോയിൽ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിന് പ്രതിമാസം 6 ലക്ഷം രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത പ്രതീക്ഷിക്കുന്നതായാണ് കണക്കാക്കിയിരുന്നത്. ഈ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ശമ്പള പരിഷ്കരണം ഉടൻ നടപ്പാക്കാൻതക്ക സാമ്പത്തികഭദ്രത സിഡ്കോയിലില്ല. എന്നാൽ കാലാകാലങ്ങളിൽ സംസ്ഥാന ജീവനക്കാർക്ക് അനുവദിക്കുന്ന ശമ്പള പരിഷ്കരണം, ഡി.എ. വർദ്ധനവ് എന്നിവ മുന്നിൽ സിഡ്കോയിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്ത് 1-3-1997 മുതലുള്ള ശമ്പള പരിഷ്കരണം നടപ്പാക്കാനുള്ള കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

IV. തിരുത്ത്

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സ്പീക്കർ സർ, 10-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിൽ 31-3-1997-ലെ നക്ഷത്രചിഹ്നമിടാത്ത 5768-ാം നമ്പർ ചോദ്യത്തിന് നൽകിയിരുന്ന ഉത്തരത്തിൽ ഒരു പിശക് കടന്നുകൂടിയിരുന്നു, തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.

V. അറിയിപ്പ്

മി. സ്പീക്കർ : ഇൻഡ്യൻ വിവാഹ മോചന ഭേദഗതി ബില്ലിന്റെ സെലക്ട് കമ്മിറ്റിയിലേയ്ക്ക് ഇന്നലെ സഭയിൽ അംഗങ്ങളെ തെരഞ്ഞെടുക്കുകയുണ്ടായി. അതിൽ ശ്രീ. ടി.എം. ജേക്കബ് വ്യക്തിപരമായ കാരണങ്ങളാൽ അതിൽ തുടരാൻ ബുദ്ധിമുട്ട് അറിയിച്ചു. അതിനുപകരം ശ്രീ. ജോണി നെല്ലൂരിനെ നിർദ്ദേശിക്കണമെന്ന് ശ്രീ. ടി.എം. ജേക്കബ് ആവശ്യപ്പെട്ടിട്ടുണ്ട്. സഭയുടെ അനുമതിയോടെ ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റിയിലേക്ക് ശ്രീ. ടി.എം. ജേക്കബിനുപകരം ശ്രീ. ജോണി നെല്ലൂരിനെ നിയമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly